"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്തനിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - എസ്.ഡി.ആർ.എഫ്. - തിരുവനന്തപുരം ജില്ല - ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള പള്ളിയറ - ഈഴവർക്കോണം റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ കരാറിലേർപ്പെടാനുണ്ടായ കാലതാമസം സാധൂകരിച്ചും അന്തിമ ബിൽ തുക അനുവദിക്കുന്നതിന് അനുമതി നൽകിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്തനിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.432/2025/DMD തീയതി,തിരുവനന്തപുരം, 27-06-2025

---

പരാമർശം:-
1. 06.10.2020 തീയതിയിലെ സ. ഉ. (സാധാ) നം. 771/2020/ഡി.എം.ഡി.
2. 01.08.2023 തീയതിയിലെ സ. ഉ. (സാധാ) നം. 492/2023/ഡി.എം.ഡി.
3. തിരുവനന്തപുരം ജില്ലാകളക്ടറുടെ 27.05.2025 തീയതിയിലെ DCTVM/11273/2023-H2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എസ്.ഡി.ആർ.എഫ്. മാനദണ്ഡപ്രകാരം കാലവർഷക്കെടുതിയിൽ ഗതാഗതയോഗ്യമല്ലാതായിത്തീർന്ന റോഡുകളുടെ പുനരുദ്ധാരണത്തിൽ ഉൾപ്പെടുത്തി പരാമർശം (1) ഉത്തരവ് പ്രകാരം പത്ത് ലക്ഷം രൂപയുടെ ഭരണാനുമതി തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള പള്ളിയറ - ഈഴവർക്കോണം റോഡ് പ്രവൃത്തിക്ക് ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ കരാറിൽ ഏർപ്പെടുന്നതിനുവേണ്ടി ഇ-ടെണ്ടർ ക്ഷണിച്ചുവെങ്കിലും ആരും തന്നെ പങ്കെടുത്തില്ലെന്നും തുടർന്ന് 2024 പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പെരുമാറ്റചട്ടം നിലവിൽ വന്നതിനാൽ റീ ഇ-ടെണ്ടർ ക്ഷണിക്കുന്നതിന് സാധിക്കാതെ വരുകയും പെരുമാറ്റചട്ടം കഴിഞ്ഞ മുറയ്ക്ക് റീ ഇ-ടെണ്ടർ ക്ഷണിക്കുകയും ചെയ്തതിനു ശേഷമാണ് കരാറിലേർപ്പെട്ടിട്ടുള്ളത്. അതിനാൽ പ്രസ്തുത പ്രവൃത്തിയുടെ കരാറിലേർപ്പെട്ടതിലുണ്ടായ കാലതാമസം സാധൂകരിച്ച് അന്തിമ ബിൽതുക അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം ജില്ലാകളക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, തിരുവനന്തപുരം ജില്ലാകളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള പള്ളിയറ - ഈഴവർക്കോണം റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് കാലാവധിക്ക് ശേഷം കരാറിൽ ഏർപ്പെട്ട നടപടി സാധൂകരിച്ചും പ്രവൃത്തി പൂർത്തീകരിച്ചതിലെ കാലതാമസം മാപ്പാക്കിയും അന്തിമ ബിൽ തുകയിൽ നിന്നും എസ്.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരം അനുവദനീയമായ പ്രവൃത്തിക്ക് വേണ്ടി ചെലവായ തുക മാത്രം അനുവദിക്കുന്നതിന്

ജില്ലാകളക്ടർക്ക് അനുമതിയും നൽകാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, തിരുവനന്തപുരം
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
ജില്ലാകളക്ടർ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ് (ഫയൽ നം. DMB1/123/2025-DMD)

ഉത്തരവിൻ പ്രകാരം
Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 28-06-2025 14:45:38

പകർപ്പ്: ദുരന്തനിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്